**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4172** **18-07-2022 - ൽ മറുപടിയ്ക്ക്**

**നികുതി വർദ്ധനവും ജി.എസ്.ടി.യും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ ചരക്കു സേവന നികുതി നിരക്ക് തുടരെ മാറ്റി അശാസ്ത്രീയ തീരുമാനം അടിച്ചേൽപ്പിക്കുന്നത് സംസ്ഥാനത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി.-യുടെ തുടക്കത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നിരക്കുകൾ നിശ്ചയിച്ചത് റവന്യൂ ന്യൂട്രൽ റേറ്റ് ഏകദേശം പതിനഞ്ച് ശതമാനം ആകത്തക്ക വിധത്തിൽ ആയിരുന്നു. വാറ്റ് സമ്പ്രദായത്തിൽ ഇത് 14.5% ആയിരുന്നു. എന്നാൽ പിന്നീട് തുടർച്ചയായി നികുതി നിരക്കുകളിൽ കുറവ് വരുത്തുകയും നിലവിൽ റവന്യൂ ന്യൂട്രൽ നിരക്ക് പതിനൊന്ന് ശതമാനത്തോളമായി കുറയുകയും ചെയ്തു. ഇത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുകയും ജി.എസ്.ടി വരുമാനം കുറയുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റത്തിനും നിർമ്മാണ പദ്ധതികളുടെ ചെലവ് വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുന്ന തരത്തിൽ പ്രസ്തുത നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ ജന ജീവിതത്തിലുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. നിലവിൽ വന്നതുമൂലം, നിലവിലുണ്ടായിരുന്ന മൂല്യ വർദ്ധിത നികുതി, കേന്ദ്ര എക്സൈസ് തീരുവ, പ്രവേശന നികുതി, സേവന നികുതി, കേന്ദ്ര വിൽപ്പന നികുതി മുതലായ നികുതികൾ ലയിപ്പിച്ചു ചരക്കു സേവന നികുതി മാത്രമായതുമൂലം ഭക്ഷ്യസാധനങ്ങളുടെ വിലയിൽ കുറവ് വരേണ്ടതാണ്.<br><br>ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ബ്രാന്റ് ചെയ്യാത്ത ഭക്ഷ്യവസ്തുക്കൾ, പാൽ, ഉപ്പ് മുതലായ നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയ്ക്ക് തുടക്കം മുതലേ ജി.എസ്.ടി. ബാധകമാക്കാതിരുന്നതുമൂലവും ജി.എസ്.ടി. രജിസ്ട്രേഷന് പരിധി നിശ്ചയിച്ചതുമൂലവും ഭക്ഷ്യവസ്തുക്കൾക്ക് ജി.എസ്.ടി. മൂലം വിലവർദ്ധന അനുഭവപ്പെടുന്ന സാഹചര്യം ഉണ്ടാകേണ്ടതല്ല. കൂടാതെ, സുഗന്ധ വ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അവശ്യസാധനങ്ങൾക്ക് കുറഞ്ഞ നികുതിയായ 5% മാത്രമാണ് ചുമത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ടി സബ്സിഡി ഉൽപ്പന്നങ്ങളുടെ വില മെയ് 2016 മുതൽ വർദ്ധിപ്പിച്ചിട്ടില്ല. ധാന്യങ്ങളും പയർ വർഗ്ഗങ്ങളും ബ്രാന്റിൽ ആണ് വിൽപ്പന നടത്തുന്നതെങ്കിൽ 5% നികുതി ബാധകം ആണ്. എന്നാൽ സപ്ലൈകോ ഇവ ബ്രാന്റ് ചെയ്യാതെ വിൽപ്പന നടത്തുന്നതിനാൽ ഉപഭോക്താക്കൾക്ക് നികുതി ഭാരം ഉണ്ടാകുന്നില്ല.<br><br>ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാധ്യത ഹോട്ടലുകളിൽ നിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് ആയിട്ടുണ്ടെങ്കിലും നികുതി നിരക്കിൽ മാറ്റമൊന്നും വരാത്തതിനാൽ ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുകയില്ല. ഗവൺമെന്റ് എന്റിറ്റികളും ഗവൺമെന്റ് അതോറിറ്റികളും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നികുതി നിരക്ക് 12 ശതമാനത്തിൽ നിന്നും 18 ശതമാനം ആയി ഉയർത്തിയിട്ടുണ്ട്. ഇൻവെർട്ടഡ് ഡ്യൂട്ടി ഘടന ഒഴിവാക്കുന്നതിന്റെ ഭാഗമായിട്ടാണ് ജി.എസ്.ടി. കൗൺസിൽ ചർച്ച ചെയ്ത് ഇങ്ങനെ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിനു മുൻപ് സംസ്ഥാനത്ത് നിന്നും കേന്ദ്രത്തിനും സംസ്ഥാനത്തിനുമായി ലഭിച്ചിരുന്ന നികുതി വരുമാനത്തിന്റെയും ജി.എസ്.ടി. പ്രാബല്യത്തിലായശേഷം അതിൽ കേന്ദ്ര, സംസ്ഥാന ഇനങ്ങളിൽ ഈടാക്കിയ നികുതി വരുമാനത്തിന്റെയും അതിൽ നിന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളും പങ്കിട്ടെടുക്കുന്ന നികുതി വരുമാനത്തിന്റെയും കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി കണക്ക് ലഭ്യമാക്കാമോ; | (സി) | ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പുള്ള 5 വർഷങ്ങളിലും ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം 2021-22 വരെയും സംസ്ഥാന തനത് നികുതി വരുമാനത്തിലും കേന്ദ്ര നികുതി വിഹിതത്തിലും ലഭ്യമായ തുകയുടെ വിശദാംശം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ഡി) | ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടം നികത്തുമെന്ന ഉറപ്പ് കേന്ദ്രം പാലിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടം സമയബന്ധിതമായി നികത്തുമെന്ന ഉറപ്പ് കേന്ദ്രം പാലിച്ചിട്ടില്ല.<br><br>2017 – 18 മുതൽ 2022 - 23 ജൂൺ 30 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയുടേയും, ലഭിച്ച നഷ്ടപരിഹാര തുകയുടേയും, ബാക്കി ലഭിക്കാനുള്ള തുകയുടേയും |

| | | | |
|---|---|---|---|
| | | | വിവരം അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.<br><br>സംസ്ഥാനത്തിന് നഷ്ടപരിഹാരമായി 2017 – 18 ൽ 57.32 കോടി രൂപയും, 2018 – 19 ൽ 25.79 കോടി രൂപയും, 2020-21 ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20 ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കുവാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ 1552.56 കോടി രൂപ ബാക്കി ലഭിക്കുവാനുണ്ട്.<br><br>അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം– 1**

ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പുള്ള 5 വർഷങ്ങളിലും ജി.എസ്.ടി. നടപ്പിലാക്കിയ തിനുശേഷം 2021–22 വരെയും സംസ്ഥാന തനത് നികുതി വരുമാനത്തിലും കേന്ദ്ര നികുതി വിഹിതത്തിലും ലഭ്യമായ തുകയുടെ വിശദാംശം

| സാമ്പത്തിക വർഷം | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം | കേന്ദ്ര നികുതി വിഹിതം |
|---|---|---|
| 2012 – 13 | 30076.61 | 6840.65 |
| 2013 – 14 | 31995.02 | 7468.68 |
| 2014 – 15 | 35232.50 | 7926.29 |
| 2015 – 16 | 38995.15 | 12690.67 |
| 2016 – 17 | 42176.38 | 15225.02 |
| 2017 – 18 | 46459.61 | 16833.08 |
| 2018 – 19 | 50644.10 | 19038.17 |
| 2019 – 20 | 50323.14 | 16401.05 |
| 2020 – 21 | 47660.84 | 11560.40 |
| * 2021-22 | 58340.52 | 17820.09 |

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം- 2

2017 - 18 മുതൽ 2022 - 23 ജൂൺ 30 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയും, ലഭിച്ച നഷ്ടപരിഹാര തുകയുടേയും, ബാക്കി ലഭിക്കാനുള്ള തുകയുടേയും വിവരം

| Financial Year | Compensation Receivable (Cr.) | Compensation Received (Cr.) | Balance Compensation Receivable (Cr.) |
|---|---|---|---|
| 2017 – 18 | 2159.32 | 2102.00 | 57.32 |
| 2018 – 19 | 3557.79 | 3532.00 | 25.79 |
| 2019 – 20 | 8099.60 | 8111.00 | -11.40 |
| 2020 -21 | 12841.49 | 12828.96 | 12.53 |
| 2021 - 22 | 12850.39 | 12850.39 | 0.00 |
| 2022-23 (June 30) | 3134.48 | 1581.92 | 1552.56 |

സെക്ഷൻ ഓഫീസർ